ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 കേസുകളിലായി 28 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇവയിൽ 17 കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 2 കേസുകളിന്മേൽ ശിക്ഷ വിധിച്ചിട്ടുണ്ട്. ബാക്കിയുള്ള 10 കേസുകൾ അന്വേഷണാവസ്ഥയിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രധാന പ്രതികളെയെല്ലാംതന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ 17 എണ്ണത്തിന്മേൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 2 എണ്ണത്തിൽ ശിക്ഷ വിധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ പയ്യോളി മനോഹരൻ, അനീഷ് രാജൻ, ടി. പി. ചന്ദ്രശേഖരൻ, മനോജ് കുമാർ, മുരളിധരൻ, ദീപക് എന്നീ കൊലപാതക കേസുകളിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചാണ് അന്വേഷണം നടത്തിവരുന്നത്.

ക്രമസമാധാന രംഗത്തെ നേട്ടങ്ങൾ

221 (225) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് ക്രമസമാധാന രംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് : വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യ ടു ഡേ' വാർഷിക സർവ്വേയിൽ ക്രമസമാധാന പാലനത്തിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യ ടു ഡേ' യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിലും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ ജില്ലകളിലും കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ മാസംതോറും മതസൗഹാർദ്ദ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിലെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും സൈര സഞ്ചാരത്തിനുമായി 'നിർഭയ' പദ്ധതി ആസൂത്രണം ചെയ്തു. അതിന്റെ ആദ്യഘട്ടം എറണാകുളം ജില്ലയിൽ പ്രാവർത്തികമാക്കി. കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. കൂടാതെ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ സുരക്ഷ' എന്ന പദ്ധതി നടപ്പാക്കി. ഈ പദ്ധതികൾ ഊർജ്ജിതമായി ഇപ്പോഴും നടന്നുവരുന്നു.

ഓപ്പറേഷൻ കുബേര

222 (226) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഓപ്പറേഷൻ കുബേര പ്രവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?